(ബി & സി) 26-7-2004-ലെ ജി.ഒ. (ആർ.റ്റി.) നമ്പർ 1642/2004/ആഭ്യന്തരം എന്ന ഉത്തരവ് പ്രകാരം പുതുതായി കോടതികൾ തുടങ്ങുന്നതിന് കോടതികളുടെ മുൻഗണനാപ്പട്ടിക തയ്യാറാക്കിയിട്ടുണ്ട്. പ്രസ്തുത ഉത്തരവിന്റെ പകർപ്പ് അനുബന്ധമായി ചേർക്കുന്നു. †

കേന്ദ്ര വികലാംഗ സംരക്ഷണ നിയമം

38 [845] ശ്രീ. ഉമേഷ് ചള്ളിയിൽ :

,, കെ. കെ. ഷാജു :

,, എ. എൻ. രാജൻ ബാബു :

,, ഷിബു ബേബി ജോൺ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ :

(എ) കേന്ദ്ര വികലാംഗ സംരക്ഷണ നിയമം കേരളത്തിൽ നടപ്പാക്കിയിട്ടുണ്ടോ ;

(ബി) ഇല്ലെങ്കിൽ ഇതിന് നടപടി സ്വീകരിക്കുമോ ;

(സി) വികലാംഗ സംരക്ഷണ നിയമമനുസരിച്ച് വികലാംഗർക്കുള്ള മൂന്ന് ശതമാനം സംവരണം കേരളത്തിൽ നടപ്പാക്കിയിട്ടുണ്ടോ ;

(ഡി) ഇല്ലെങ്കിൽ ഇതിന് നടപടി സ്വീകരിക്കുമോ ?

ഉത്തരം

(എ) ഉണ്ട്.

(ബി) ഉദിക്കുന്നില്ല.

(സി) ഉണ്ട്.

(ഡി) ഉദിക്കുന്നില്ല.

സമാശ്വാസ തൊഴിൽദാന പദ്ധതി

39 [848] ശ്രീ. ജി. പ്രതാപവർമ്മ തമ്പാൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ :

(എ) കമ്പാഷണേറ്റ് എംപ്ലോയ്മെന്റ് സ്കീം പ്രകാരം നിയമനം ലഭിക്കുന്നതിന് അധികം കാലവിളംബം വരുത്തുന്ന കാര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ;

(ബി) എൽ. ഡി. ക്ലാർക്ക് തസ്തികയിൽ ഈ പദ്ധതി പ്രകാരം വേക്കൻസി അനുവദിച്ചു കിട്ടുവാൻ കാത്തിരിക്കുന്ന എത്ര ഉദ്യോഗാർത്ഥികൾ ഉണ്ട് ; ഇവരുടെ സീനിയോറിറ്റി ലിസ്റ്റ് അപേക്ഷാ തീയതി സഹിതം ലഭ്യമാക്കുമോ ;

(സി) മരണപ്പെടുന്ന ഉദ്യോഗസ്ഥരുടെ കുടുംബത്തിന് സമാശ്വാസം നൽകുന്നതിനായി നടപ്പാക്കിയ ഈ പദ്ധതിയുടെ പ്രയോജനം ലഭിക്കുവാൻ വർഷങ്ങളോളം കാത്തിരിക്കേണ്ടി വരുന്നത് പ്രസ്തുത പദ്ധതിയുടെ ഉദ്ദേശലക്ഷ്യത്തെ പരാജയപ്പെടുത്തുന്നു എന്ന വസ്തുത കണക്കിലെടുത്ത് കാലതാമസം ഒഴിവാക്കുവാൻ അടിയന്തിര നടപടി സ്വീകരിക്കുമോ ;

† അനുബന്ധം I

LIBRARY ARCHIVES Kerala Legislative Assembly

(ഡി) ഫിഷറീസ്, സിവിൽ സപ്ലൈസ് വകുപ്പുകളിൽ വേക്കൻസി റിസർവ്വ് ചെയ്ത് നിയമനം നൽകുമ്പോൾ പി.ഡബ്ല്യു.ഡി., ആരോഗ്യം, വിദ്യാഭ്യാസം എന്നീ വകുപ്പുകളിൽ വേക്കൻസി റിപ്പോർട്ട് ചെയ്യുവാൻ കാലതാമസം ഉണ്ടാകുന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ;

(ഇ) ഇത് ഒഴിവാക്കി അതാതു വകുപ്പുകളിലുണ്ടാകുന്ന ഒഴിവുകളിൽ 10 ശതമാനം പ്രസ്തുത പദ്ധതി പ്രകാരമുള്ള നിയമനത്തിനായി മാറ്റി വച്ച് നിയമനം നടത്തുന്നതിന് നടപടി സ്വീകരിക്കുമോ ?

ഉത്തരം

(എ) ഉണ്ട്.

(ബി) എൽ. ഡി. ക്ലാർക്ക് തസ്തികയിൽ 31-1-2006 വരെ 478 അപേക്ഷകരാണുള്ളത്. സീനിയോറിറ്റി ലിസ്റ്റ് അനുബന്ധമായി ചേർത്തിട്ടുണ്ട്. †

(സി) ഇക്കാര്യം പരിശോധിക്കുന്നതാണ്.

(ഡി & ഇ) നിലവിലുള്ള സർക്കാർ ഉത്തരവ് പ്രകാരം എൽ. ഡി. സി. തസ്തികയിലേക്ക് 5 ശതമാനം ഒഴിവുകളാണ് വിവിധ വകുപ്പുകളിൽ നീക്കിവച്ചിട്ടുള്ളത്. നിലവിലുള്ള നിയമനരീതി തുടരുന്നതാണ് ഉത്തമം.

നരേന്ദ്രൻ കമ്മീഷൻ ശുപാർശകളിന്മേൽ സർക്കാർ നയം

40 [849] ശ്രീ. എ. കെ. ബാലൻ : താഴെ കാണുന്ന ചോദ്യത്തിന് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ :

നരേന്ദ്രൻ കമ്മീഷൻ റിപ്പോർട്ട് നാളിതുവരെ നടപ്പാക്കാതിരിക്കാൻ എന്താണ് കാരണമെന്ന് വെളിപ്പെടുത്തുമോ ?

ഉത്തരം

നരേന്ദ്രൻ കമ്മീഷൻ റിപ്പോർട്ടിന്റെ വെളിച്ചത്തിൽ സർക്കാർ സ്വീകരിക്കേണ്ട നടപടികളെ സംബന്ധിച്ച് 2-2-2006-ൽ സർക്കാർ ഉത്തരവായിട്ടുണ്ട്. പ്രസ്തുത സർക്കാർ ഉത്തരവിന്റെ പകർപ്പ് അനുബന്ധമായി ചേർത്തിരിക്കുന്നു. ††

സംവരണം ലഭിക്കുന്നുണ്ടെന്ന് ഉറപ്പാക്കാൻ സ്ഥിരം കമ്മീഷൻ

41 [850] ശ്രീ. പി. കെ. അബ്ദുറബ്ബ് :
,, ചെർക്കളം അബ്ദുള്ള :
,, പി. കെ. കെ. ബാവ :
,, സി. മോയിൻകുട്ടി :
,, ടി. പി. എം. സാഹിർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ :

(എ) പിന്നോക്ക സമുദായത്തിന് അർഹമായ സംവരണം ലഭിക്കുന്നുണ്ടെന്ന് ഉറപ്പാക്കാൻ സ്ഥിരം കമ്മീഷനെ നിയമിക്കുമെന്ന് തീരുമാനിച്ചതിന്റെ ഫലമായി കമ്മീഷൻ നിലവിൽ വന്നോ ;

† ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

†† അനുബന്ധം II

LIBRARY ARCHIVES Kerala Legislative Assembly